**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 132** **08-02-2023 - ൽ മറുപടിയ്ക്ക്**

**പാലുല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | 2015-ൽ പ്രതിദിനം 16.36 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-21-ൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന സംഭരണം 21.3 ലിറ്ററായി വർദ്ധിച്ചു. 2017-18 വർഷത്തിൽ കേരളത്തിൽ പാൽ ഉല്പാദനത്തിൽ ദേശീയ വളർച്ചാ ശരാശരിയെക്കാൾ വർദ്ധനവ് രേഖപ്പെടുത്തി. കേരളത്തിൽ 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ നിലവിൽ പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടി ആക്കുന്നതിനായി ഇതര സംസ്ഥാനത്തെ ആശ്രയിക്കുന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ട്. കൂടാതെ, 53.93 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ ധന സഹായത്തോടെ മിൽമയുടെ മലബാർ മേഖലാ യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. |
| (ബി) | പാൽ ഉല്പന്നങ്ങൾ വർദ്ധിക്കുന്നതിന് അനുസരിച്ച് മൂല്യവർദ്ധിത ഉല്പന്ന വൈവിധ്യവത്ക്കരണത്തിന് പദ്ധതിയുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (ബി) | ഉണ്ട്. മിൽമയുടെ മലബാർ മേഖലാ യൂണിയന്റെ കീഴിൽ മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കുന്നതിന് മിൽമയും മേഖലാ യൂണിയനുകളും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നിലവിൽ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ മിൽമ പ്ലാന്റുകളിലും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | നെയ്യ്, വെണ്ണ, പനീർ, പാലട മിക്സ്, ഫ്ളേവേർഡ് മില്ക്കുകൾ, വിവിധ തരം ഐസ്ക്രീമുകൾ, വ്യത്യസ്തയിനം ഹെല്ത്ത് ഡ്രിങ്കുകൾ എന്നിങ്ങനെയുള്ള ഒരു നിര ഉല്പന്നങ്ങളുടെ ശ്രേണി തന്നെ നിലവിൽ മിൽമയ്ക്കുണ്ട്. മാത്രമല്ല, ഓരോ സാമ്പത്തിക വർഷവും ഒട്ടനവധി പുതിയ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ കാരറ്റ് പേഡ, പാഷൻ ഫ്രൂട്ട് ഐസ്ക്രീം, ചിക്കു ഐസ്ക്രീം, ഫ്രൂട്ട് ആന്റ് നട്ട് ഐസ്ക്രീം മുതലായ പുതിയ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയനിൽ പാൽ സംഭരണം വില്പ്പനയെക്കാൾ കൂടുതലായതുകൊണ്ട് മൂല്യവർദ്ധിത ഉത്പ്പന്നങ്ങളായ പാൽപ്പൊടി, ലോങ് ലൈഫ് മിൽക്ക്, കണ്ടൻസ്ഡ് മിൽക്ക്, ഡയറി വൈറ്റ്നർ തുടങ്ങിയവ ഉത്പ്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ രീതിയിൽ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതുവഴി കൂടുതൽ വിറ്റുവരവ് ഉണ്ടാക്കുവാനും അതേ സമയത്ത് ക്ഷീരകർഷകരിൽ നിന്നും മുടക്കമില്ലാതെ പാൽ സംഭരിക്കുന്നതിനും സാധിക്കുന്നു. മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ വിപണനം ചെയ്ത് ലഭിക്കുന്ന വിറ്റുവരവിൽ നിന്നും അധിക തുക കർഷകരിലേക്ക് എത്തിക്കുന്നതിനും സാധിക്കും. കേരളത്തിനു പുറത്തുള്ള വിപണികളിൽ ഡിസ്ട്രിബ്യൂട്ടർമാരെ നിയമിച്ചുകൊണ്ടും വിദേശ രാജ്യങ്ങളിൽ മിൽമ ഉൽപ്പന്നങ്ങൾ കയറ്റുമതി നടത്തിയും മിൽമയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വ്യാപകമായി വിപണനം നടത്തി വരുന്നു. മിൽമയുടെ വിപണന ശൃംഖല വർദ്ധിപ്പിക്കുന്നതിനും കൂടുതൽ മേഖലകളിലേക്ക് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനും നൂതന പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. |
| (സി) | ക്ഷീര സഹകരണ മേഖലയിലെ അധിക പാൽ സംഭരണം കണക്കിലെടുത്ത് പാൽപ്പൊടി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (സി) | 53.93 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ ധന സഹായത്തോടെ മലബാർ യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>പാലുൽപ്പാദനം കൂടി വരുന്ന സാഹചര്യത്തിൽ കർഷകർ ഉൽപാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുന്നതിൻറെ ഭാഗമായി മിച്ചമുള്ള പാൽ പാൽപ്പൊടിയാക്കി മാറ്റുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് നിലവിൽ സഹകരണ മേഖലയിൽ ഇല്ലാത്തതു മുൻനിർത്തി മുൻഗണന അടിസ്ഥാനത്തിൽ പാൽപ്പൊടി നിർമ്മാണശാല |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കാനാണ് മിൽമ മലബാർ മേഖലായൂണിയൻ ലക്ഷ്യമിടുന്നത്. 53.93 കോടി രൂപ അടങ്കൽ തുക വരുന്ന ഈ പദ്ധതി ക്ക് 15 കോടി രൂപ സർക്കാരിൻറെ വാർഷിക പദ്ധതി വിഹിതമായും, 32.72കോടി രൂപ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി NABARD മുഖേനയുള്ള സാമ്പത്തിക വിഹിതമായും ബാക്കി വരുന്ന മുഴുവൻ തുകയും പദ്ധതിയുടെ അവസാന ഘട്ടത്തിൽ മേഖലാ യൂണിയൻ വിഹിതമായും ലഭ്യമാക്കിക്കൊണ്ട് മേഖലായൂണിയൻ ഈ പദ്ധതിക്കുള്ള പ്രാരംഭ പ്രവർത്തികൾ ആരംഭിച്ചു കഴിഞ്ഞു. പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ സിവിൽ വർക്കുകൾ, മെക്കാനിക്കൽ വർക്കുകൾ, ഇലക്ട്രിക്കൽ വർക്കുകൾ എന്നിവ പുരോഗമിച്ചുവരികയാണ്. കൂടാതെ മലിനജല നിർമ്മാർജ്ജന പ്ലാൻറ്, ബോയിലറിനായുള്ള കെട്ടിടം, സ്ട്രക്ച്ചറൽ ഗ്ലേസിംഗ് വർക്കുകൾ, പൈപ്പ് ലൈൻ വർക്കുകൾ, ഫയർ ആന്റ് സേഫ്റ്റി വർക്കുകൾ, എന്നിവ പുരോഗമിച്ചുവരുന്നു. |
| (ഡി) | പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി സമീകൃത കാലിത്തീറ്റയുടെയും ഉപോല്പന്നങ്ങളുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. സബ്സിഡി നിരക്കിൽ കർഷകർക്ക് സമീകൃത കാലിത്തീറ്റ നൽകി വരുന്നുണ്ട്.<br><br>പ്രതിദിനം 300 ടൺ വീതം ഉൽപാദന ശേഷിയുള്ള 2 കാലിത്തീറ്റ ഫാക്ടറികൾ പാലക്കാട് ജില്ലയിലെ മലമ്പുഴയിലും ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്ടും മിൽമയുടെ കീഴിലുണ്ട്. ഈ 2 കാലിത്തീറ്റ ഫാക്ടറികൾ വഴി കാലികളുടെ പാലുല്പാദന ശേഷിക്കനുസരിച്ചുള്ള വിവിധയിനം തീറ്റകൾ ഉൽപാദിപ്പിക്കുന്നുണ്ട്. കൂടുതൽ ഉൽപാദന ശേഷിയുള്ള കാലികൾക്കായുള്ള മിൽമ ഗോൾഡ് കാലിത്തീറ്റ, മിൽമ ബൈപ്രോ കാലിത്തീറ്റ എന്നിവയും ഈ ഫാക്ടറികളിൽ ഉൽപാദിപ്പിക്കുന്നുണ്ട്. കാലികളുടെ ആരോഗ്യത്തിനും പാലുല്പാദന വർദ്ധനവിനും പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള അനുബന്ധ തീറ്റ വസ്തുക്കളായ മിനറൽ മിക്സ്ച്ചർ (മിൽമ മിൻ), ബൈപ്പാസ് ഫാറ്റ് (ക്ഷീര സമൃദ്ധിനി) എന്നിവയും മിൽമ വിപണിയിലെത്തിക്കുന്നുണ്ട്.<br><br>സമീകൃത കാലിത്തീറ്റയുടെയും ഉപോൽപന്നങ്ങളുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ യൂണിറ്റുകൾ ആരംഭിച്ചിരിക്കുന്നത്. അപ്രകാരം തെക്കൻ |

| | | | |
|---|---|---|---|
| | | | ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ കാലിത്തീറ്റ ലഭ്യമാക്കുവാൻ കരുനാഗപ്പള്ളി യൂണിറ്റും (പ്രതിദിന ഉത്പാദന ശേഷി 300 മെട്രിക് ടൺ), മലയോര പ്രദേശങ്ങളുൾപ്പെടുന്ന ഇടുക്കി, കോട്ടയം ജില്ലകൾക്കായി തൊടുപുഴ യൂണിറ്റും (പ്രതിദിന ഉത്പാദന ശേഷി 500 മെട്രിക് ടൺ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലകളിൽ കാലിത്തീറ്റ വിതരണത്തിനായി കല്ലേറ്റുംകര യൂണിറ്റും (പ്രതിദിന ഉത്പാദന ശേഷി 650 മെട്രിക് ടൺ), വടക്കൻ മേഖല യിലെ കാലിത്തീറ്റ വിതരണം സുഗമമാക്കുന്നതിനായി വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി തിരുവങ്ങൂർ യൂണിറ്റും (പ്രതിദിന ഉത്പാദന ശേഷി 300 മെട്രിക് ടൺ) സ്ഥാപിച്ചിരിക്കുന്നത്. ഇവ സ്ഥാപിക്കുക വഴി കേരള ഫീഡ്സ് ലിമിറ്റഡിന്റെ പ്രതിദിന ഉല്പാദന ശേഷി 1750 ടൺ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഉപോത്പന്നങ്ങളായ ധാതുലവണമിശ്രിതം നിർമ്മിക്കുന്നതിനായി മലപ്പുറം ജില്ലയിലെ ആതവനാട്ടും, സമ്പുഷ്ടീകരിച്ച വൈക്കോൽക്കട്ട (T.M.R) നിർമ്മിക്കുന്നതിനായി പാലക്കാട് ജില്ലയിലെ മുതലമടയിലും കമ്പനിക്ക് പ്രത്യേക ഫാക്ടറികൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ